# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.735 11.07.2016 ൽ മറുപടിയ്ക്ക്

## നഗരറോഡ് വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>" വി.ടി.ബൽറാം<br>" ഷാഫി പറമ്പിൽ<br>" വി.പി.സജീന്ദ്രൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നഗരറോഡ് വികസന പദ്ധതികൾ നടപ്പാക്കുന്നതിന് മുൻ ഗവൺമെന്റ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയുടെ മാതൃകയിൽ കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇത്തരം നഗര റോഡു വികസന പദ്ധതി കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് തീരുമാനിക്കുകയും അവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തുകയും ചെയ്തു. കണ്ണൂർ, മലപ്പുറം, കോട്ടയം എന്നീ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്ടുകൾ പരിശോധിച്ചു വരുന്നു. കൊല്ലം, തൃശ്ശൂർ എന്നീ നഗര റോഡു വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് റോഡ് ഫണ്ട് ബോർഡ് തയ്യാറാക്കിവരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദവിവരങ്ങൾ വ്യക്തമാക്കുമോ; | (ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇത്തരം നഗര റോഡ് വികസനം ഏറ്റെടുക്കലാണ്. നഗര റോഡുകളുടെ പുനരുദ്ധാരണവും, ഗതാഗത സംവിധാനത്തിന്റെ വിപുലീകരണവുമാണ് ലക്ഷ്യം. |

| | |
|---|---|
| (സി) ഇതിന്റെ നിർവ്വഹണത്തിൽ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ? | (സി) കണ്ണൂർ, മലപ്പുറം, കോട്ടയം, തൃശ്ശൂർ, കൊല്ലം ജില്ലകളിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ്, പാലക്കാട് തുടങ്ങിയ ജില്ലകളിൽ ഇത്തരം പ്രവൃത്തികൾ നടന്നിട്ടില്ല. ഇത്തരം അസന്തുലിതാവസ്ഥകൾ പരിഹരിച്ച് സന്തുലിത വികസനമാണ് ഇപ്പോൾ സർക്കാർ ലക്ഷ്യമിടുന്നത്. ഇക്കാര്യങ്ങൾ 01.07.16 ന് ആലപ്പുഴയിൽ കൂടിയ യോഗത്തിൽ ധാരണയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ